ശ്രീ. സി. കെ. നാരായണൻകുട്ടി : ആ പ്രസ്സ് മറ്റൊരിടത്തേയ്ക് സ്ഥാപിക്കാനുള്ള ശ്രമം നടത്തുന്നു എന്നു് ഇൻഡ്യൻ ചേമ്പർ ആഫ് കാമേഴ്സ് പ്രസിഡൻറിൻെറ വല്ല കമ്പികളും കിട്ടിയിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഒരു കത്തു കിട്ടിയിട്ടുണ്ടു്. അങ്ങനെയുണ്ടെങ്കിൽ അതു മാറാൻ പാടില്ലെന്നു് എഴുതിയിട്ടുണ്ടു്.

വ്യാവസായിക വായ്പ

* 1711. [2] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) വ്യാവസായിക വായ്പ ഇനത്തിൽ, ഗവണ്മെൻറിൽനിന്നും വാങ്ങിയിട്ടുള്ള തുക യഥാസമയം തിരിച്ചടയ്ക്കാതെ മുടക്കം വരുത്തിയിട്ടുള്ള വ്യവസായികൾ ഇപ്പോൾ എത്രയുണ്ടു് ; കുടിശ്ശിക വരുത്തിയിട്ടുള്ള തുക എത്ര ; ;

(ബി) കുടിശ്ശികത്തുക ഈടാക്കാൻ നിർവ്വാഹമില്ലാത്ത കേസ്സുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ ഈ ഇനത്തിൽ എത്ര തുക ഗവണ്മെൻറിനു നഷ്ടം നേരിട്ടും ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ കെ. പി. ഗോപാലൻ) :

(എ) സ്മാൾസ്കെയിൽ ഇൻഡസ്ട്രീസ് സ്കീം അനുസരിച്ചു് 9 പേരും, സ്റ്റേറ്റ് എയിഡ്ഡ് ഇൻഡസ്ട്രീസ് ആക്ട് അനുസരിച്ചു് 10 പേരും, ഗവണ്മെൻറിൽനിന്നും നേരിട്ടു വായ്പ വാങ്ങിയ 5 പേരും കുടിശ്ശിക വരുത്തിയിട്ടുണ്ടു്. വിവരങ്ങൾ കാണിക്കുന്ന ഒരു † പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. ആകെ കുടിശ്ശിക വരുത്തിയ തുക 11,53,891 രൂപയാണു്.

(ബി) എല്ലാ വായ്പകളും മതിയായ ജാമ്യത്തിന്മേൽ കൊടുത്തതാകയാൽ ഈടാക്കാൻ നിവ്വാഹമില്ലാത്ത കേസ്സുകൾ ഉണ്ടാകാൻ ഇടയില്ല.

ശ്രീ. സി. എ. മാത്യു : ചില കുടിശ്ശികക്കാരുടെ പേരിൽ നടപടി നടത്തിയതായി പട്ടികയിൽ കാണുന്നില്ല. അങ്ങനെ ഒരു വ്യത്യസ്ത പരിഗണനവരാൻ കാരണംവല്ലതും ഉണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : സ്മാൾസ്കെയിൽ ഇൻഡസ്ട്രീസ് സ്കീം പ്രകാരം കുടിശ്ശിക വരുത്തിയവരുടെ പേരിൽ റവന്യൂ റിക്കവറി ആക്ട് അനുസരിച്ചുള്ള നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്. സ്റ്റേറ്റ് എയിഡ്ഡ് ഇൻഡസ്ട്രീസ് ആക്ട് പ്രകാരം കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ കയ്യിൽ നിന്നും പണം ഈടാക്കാനും നടപടിയെടുത്തിട്ടുണ്ടു്. ഗവണ്മെൻറു് നേരിട്ടു കൊടുത്തതിൽ തൃശ്ശൂർ ഇനാമൽ ഇൻഡസ്ട്രീസ് വരുത്തിയിട്ടുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി തുടർന്നുകൊണ്ടിരിക്കുന്നുണ്ടു്. കണ്ടറ ഇനാമൽസിൽ നിന്നും 1,47,368 രൂപ ഈടാക്കേണ്ടതുണ്ടു്. ആ ഫാക്ടറി മറ്റൊരു ഫാക്ടറി ഉടമസ്ഥൻ നടത്താമെന്നുള്ള അപേക്ഷ ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണു്. കൊച്ചിൻ മഹാലക്ഷ്മി മിൽസ് ഗവണ്മെൻറു് ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുകയാണു്. ഇലക്ട്രിക്കൽ അലൈഡ് ഇൻഡസ്ട്രീസും ഗവണ്മെൻറു് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണു്. അങ്കമാലി ടെക്സ്റ്റൈൽസിൽ നിന്നും തുക ഈടാക്കാൻ റവന്യൂ റിക്കവറി ആക്ട് പ്രകാരം നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഗവണ്മെൻറു് മൂന്നിനങ്ങളിൽ കടം കൊടുത്തതിനെപ്പറ്റി പറഞ്ഞു. ഓരോ ഇനങ്ങളിലും എത്രപേർക്കാണു കൊടുത്തിട്ടുള്ളതു് ?

† Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഗോപാലൻ : സ്വാമ സ്കീമിൽ ഇൻഡസ്ട്രീസ് സ്കീം പ്രകാരം 9 പേർക്കും, സ്റ്റേറ്റ് എയിഡഡ് ഇൻസ്ട്രീസ് അക്ടറ് പ്രകാരം 10 പേക്കും, ഗവണ്മെൻറ് നേരിട്ട 5 പേക്കും.

ശ്രീ. ഇ. പി. ഗോപാലൻ : ഏതേത കൊല്ലങ്ങളിലാണ് ഈ പാർട്ടികൾക്ക പണം കൊടുത്തതെന്ന പറയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : നോട്ടീസ് വേണം.

ശ്രീ. ആർ. സുഗതൻ : ഗവണ്മെൻറ് ഏറെറടുത്തു നടത്തുന്ന ഫാക്ടറികളുടെ കടവും ഗവണ്മെൻറ് ഏറെറടുത്തിരിക്കുകയാണോ ?

ശ്രീ. കെ. പി. ഗോപാലൻ : അതു ആലോചിച്ചു തീരുമാനിക്കേണ്ട പ്രശ്നമാണ്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഏതു തരത്തിലുള്ള ജാമ്യമാണ് ഇത്തരം വായ്പകൾക്ക സ്വീകരിക്കുന്നത് ?

ശ്രീ. കെ. പി. ഗോപാലൻ : ട്രസപ്രത്തും, കെട്ടിടങ്ങളും, മെഷിനറിയും ജാമ്യമായി വാങ്ങാറുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ആയം ജാമ്യത്തിനു കൊടുക്കുന്നുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെ കൊടുക്കാറില്ല.

ശ്രീ. സി. എ. മാത്യു : ഗവണ്മെൻറ കൊടുത്തിട്ടുള്ള 5 പേരും മുടക്കം വരുത്തിയിട്ടുണ്ടല്ലോ ?

ശ്രീ. കെ. പി. ഗോപാലൻ : അതു ഇപ്പോൾ കൊടുത്ത സംഖ്യയല്ല. ഈ ഗവണ്മെൻറ് അധികാരത്തിൽ വരുന്നതിനു മുൻപുതന്നെ കൊടുത്തതാണ്.

ശ്രീ. പി. ടി. ചാക്കോ: അതു് ഏതു ഗവണ്മെൻറ് എന്നു കൊടുത്തു എന്നു പറയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം ഒരൊറ ലോണും ഗവണ്മെൻറ് നേരിട്ട കൊടുത്തിട്ടില്ല.

ശ്രീ. പി. ടി. ചാക്കോ : എന്നാണ് ലോൺ കൊടുത്തതെന്നു പറയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : നോട്ടീസ് വേണം.

ശ്രീ. പി. ടി. ചാക്കോ : പിന്നെ എങ്ങനെ ഈ ഗവണ്മെൻറ് കൊടുത്തതല്ലെന്നു പറയുന്നു ?

ശ്രീ. കെ. പി. ഗോപാലൻ : ഈ ഗവണ്മെൻറ് കൊടുത്തതല്ലെന്നു നല്ല ഉറപ്പുണ്ട്.

ഗവണ്മെൻറിനെതിരായ സമരത്തിനു് പള്ളിപരിസരങ്ങളിൽ നൽകുന്ന പരിശീലനം.

* 1712. [3] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിനെതിരായി സമരം ചെയ്യുന്നതിനു് ഇടയിടെ പള്ളിപരിസരങ്ങളിൽ പരിശീലനം നൽകുന്നതായി ഗവണ്മെൻറിനറിവായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I.

*(Please see answer to Question No * 1711 [2])*

LIST OF PARTIES WHO HAVE DEFAULTED INDUSTRIAL LOANS GRANTED VIDE ANSWER TO LEGISLATIVE ASSEMBLY STARRED QUESTION No. 3738 FOR 6-6-'57.

State Aid to Industries :

Sl. No.	*Address of the loanee.*	*Amount to be recovered including interest*	*Remarks.*
		Rs.	
1.	A. Abdul Rahimankunju, Elappedayyathu Veeedu, Thevalakkara, Karunagappally.	2,709·45	Pending with Tahsildar, Karunagappally.
2.	K. M. Ibrahimkutty, Kottakkupurathu Veedu, Thevalakkara, Karunagappally.	1.708·88	Pending with Thhsildar, Karunagappally.
3.	P. Bhaskara Menon, Cochin Metals and Galvanisers, Ernakulam.	34,883·83	Pending with District Collector, Ernakulam.
4.	T. M. Maimuna Bai, Ice Allied Industries, Trivandrnm.	9,266·67	Pending with Tahsildar Trivandrum.
5.	P. Madhavan Nair, Bhavani Mandiram Vanchiyoor, Trivandrum.	9,171·50	do.
6.	John Peter Thottam, Kalavilasini Building, Kumarapuram, Trivandrum.	44,100·00	do.
7.	K. L. F. Sales, Koilparambil, Vettal, Alleppey.	6,321·50	Pending with Tahsildar Alleppey
8.	Messrs. Parkar Slate Co., Kozhikode.	25,708·33	Pending with District Colleceor, Kozhikode.
9.	Messrs. Metal Industries Ltd., Shorannur.	2,54,782·00 + interest.	Pending with Government.
10.	Technochemical Industries Ltd. Kozhikode.	79,431·00+ interest.	Pending with Government.
		4,68,083·16	

LIBRARY ARCHIVES Kerala Legislative Assembly

Small Scale Industries Aid Scheme

Sl. No.	Name and address of the loanee.	Amount to be received.	Remarks
		Rs	
1.	Sri K. K. Nair, Monani & Co., Mandapam, Poojapura, Trivandrum.	4,055	Pending with District Collector. R. R. is in progress.
2.	Sri N. Kunjukrishnan, Golden Aerated Waters, Cantonment, Trivandrum.	4,681	R. R. action is in progress. Pending with Tahsildar.
3.	Sri C. J. Thampi, Lakshmi Gardens, Varkala.	2,321	Recovery is in progress. Pending with Tahsildar.
4.	Sri Abdul Rahman Idros Kunju and Smt. Mohamed Kunju Mohamed, Pathummal, Kilikolloor, Quilon.	3,025	Final report from the Tahsildar has not been received.
5.	Sri K. Mathen Panicker, Kanjirathumoottil, Thekkethil House, Kundara.	2,408	Pending with the Tahsildar.
6.	Sri Krishnan Kochu Raman, Punnathalacherry, Quilon.	30,420	Pending with Tahsildar. Quilon. R. R. is in progress.
7.	Sri K. Raghavan Pillai, Mangad, Kilikolloor.	5,325	No information from the District Collector re: the recovery.
8.	Sri Ouseph Thomas, Kaduthuruthi, Vaikom.	4,280	Pending with the District Collector, Kottayam.
9.	Sri K. Kumaran, Thyparambil, Municipal ward, Alleppey.	5,425	R. R. is in progress. Now pending with the Tahsildar, Ambalapuzha.

Total No. of Parties. 9

Total amount to be recovered from the Parties (including interest). Rs. 61,940.

2/692/V.

LIBRARY ARCHIVES Kerala Legislative Assembly

Loans directly advanced by Government

A. Name of Concern.		*Arrears of Instalment.*
1. Enamel & Industries, Trichur.	Rs.	47,500
2. Travancore Enamel Industries, Kundara	Rs.	1,47,368·42
3. Cochin Mahalekshmi Cotton Mills (Under Government Management)	Rs.	99,000
4. Electrical & Allied Industries, Kundara. (Under Government Management)	Rs.	2,20,000
5. Alagappa Textiles Ltd., Trichur.	Rs.	1,10,000
Total	Rs.	6,23,868·42

LIBRARY ARCHIVES Kerala Legislative Assembly